# സാങ്കേതികവിദ്യയിലും ഉപഭോക്തൃ-ഇൻറർനെറ്റ്സ്പേസിലും നൂതന മാറ്റങ്ങൾ സൃഷ്ടിക്കുന്നതിനായി ഫ്ളിപ്കാർട്ടിന്റെ സ്റ്റാർട്ടപ്പ് ആക് സിലറേറ്റർ പ്രോഗ്രാമായ 'ഫ്ളിപ്കാർട്ട്ലീപ്' ആരംഭിച്ചു

- *സ്റ്റാർട്ടപ്പ് ഇന്ത്യയെ പിന്തുണക്കുന്നതിനും ഊർജ്ജസ്വലമായ സ്റ്റാർട്ടപ്പ് അന്തരീക്ഷം പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി നൂതന സ്റ്റാർട്ടപ്പുകളെതിരിച്ചറിയുന്നതിനായി ഫ്ളിപ്കാർട്ട്ലീപ് എൻട്രികൾ ക്ഷണിക്കുന്നു.*

- *ഷോർട്ട്ലിസ്റ്റ്ചെയ്തസ്റ്റാർട്ടപ്പുകളെ 16 ആഴ്ചത്തെ മെന്റർഷിപ്പ് പ്രോഗ്രാമിന് വിധേയമാക്കുകയും 25,000 ഡോളർഇക്വിറ്റി ഫ്രീ ഗ്രാന്റ് നൽകുകയുംചെയ്യും*

**ബെംഗളൂരു - ഓഗസ്റ്റ് 10, 2020:**ഇന്ത്യയുടെ ആഭ്യന്തര ഇ-കൊമേഴ്സ് വിപണന കേന്ദ്രമായ ഫ്ളിപ്കാർട്ട് പുതിയതും വരാനിരിക്കുന്നതുമായ സ്റ്റാർട്ടപ്പുകൾ വളരുന്നതിനും വികസിക്കുന്നതിനും വെല്ലുവിളികൾ കൈകാര്യം ചെയ്യുന്നതിനും, കൂടാതെ സ്റ്റാർട്ടപ്പ് ഇന്ത്യയ്ക്ക് മികച്ച സംഭാവനകൾ നൽകുന്നതിനും സഹായിക്കുന്ന ആദ്യത്തെ സ്റ്റാർട്ടപ്പ് ആക്സിലറേറ്റർ പ്രോഗ്രാമായ ഫ്ളിപ്കാർട്ട് ലീപ് ആരംഭിക്കുന്നു. എൻട്രികൾ ഇന്ന് ആരംഭിക്കുന്നതോടെ ഫ്ളിപ്കാർട്ട് ലീപ് ബി 2 സി, ബി 2 ബി സ്റ്റാർട്ടപ്പുകളെ തിരിച്ചറിയുകയും 16 ആഴ്ചത്തെ തീവ്രമായ വെർച്വൽ പ്രോഗ്രാമിലൂടെ വളരാൻ സഹായിക്കുകയും ചെയ്യും. പ്രോഗ്രാമിലുടനീളം വ്യവസായ വിദഗ്ധർ നയിക്കുന്ന മാസ്റ്റർ ക്ലാസുകൾക്ക് പുറമെ ഫ്ളിപ്കാർട്ടിലെ ബിസിനസ്, ഓപ്പറേഷൻസ്, പ്രോഡക്ട്, ടെക്നോളജിവിദഗ്ധർ മികച്ച പരിശീലനങ്ങളും നൽകും.

മാർക്കറ്റ്-റെഡിസൊല്യൂഷനുകൾ നിർമ്മിക്കുന്നതിൽ പിന്തുണച്ചുകൊണ്ട് ലോകോത്തര മൂല്യമുള്ള ഉൽപ്പന്നങ്ങൾ സൃഷ്ടിക്കാൻ സ്റ്റാർട്ടപ്പുകളെ സഹായിക്കുന്നതിന് ഉപകരണങ്ങൾ, ചട്ടക്കൂട്, അറിവ് എന്നിവ നൽകാൻ പ്രോഗ്രാം ലക്ഷ്യമിടുന്നു. സാങ്കേതികവിദ്യയുടെയും ഫ്ളിപ്കാർട്ടിന്റെ മുൻനിര ഉപദേശകരുടെ ആഴത്തിലുള്ള വ്യവസായ വൈദഗ്ധ്യത്തിന്റെയും സഹായത്തോടെ സ്റ്റാർട്ടപ്പുകൾ ചലനാത്മക സാങ്കേതിക വിപണിയിൽ മത്സരം തുടരുന്നതിന് സ്ഥിതിവിവരക്കണക്കുകളും പഠനങ്ങളും ശേഖരിക്കും. മികച്ച സ്റ്റാർട്ടപ്പുകളെ തെരഞ്ഞെടുക്കുന്നതിന് അഞ്ച് തീമുകൾ നിശ്ചയിച്ചിരിക്കുന്നു. ഡിസൈൻ&മേക്ക് ഫോർ ഇന്ത്യ, ഡിജിറ്റൽ കൊമേഴ്സിലെ നൂതനവിദ്യ, റീട്ടെയിൽ മേഖലയെ ശാക്തീകരിക്കുന്നതിനുള്ള സാങ്കേതികവിദ്യകൾ, സപ്ലൈ ചെയിൻ മാനേജ്മെന്റ് ആൻഡ് ലോജിസ്റ്റിക്സ്, പ്രസക്തമായ ഡീപ് ടെക് ആപ്ലിക്കേഷനുകൾ ശക്തമാക്കുക എന്നിവ ഇതിലുൾപ്പെടുന്നു. ഇന്ത്യൻ ഉപഭോക്താക്കൾക്ക് പ്രത്യേകമായി നിർമ്മിച്ച ടെക്നോളജി, ഉപഭോക്തൃ ഇന്റർനെറ്റ്സ്പേസ് എന്നിവയിൽഏറ്റവും നൂതനമായ പരിഹാരങ്ങൾ കൊണ്ടുവരുന്നതിനാണ് ഈ

തീമുകൾ തിരിച്ചിട്ടുള്ളത്. അടുത്ത അഞ്ച്‌വർഷത്തിനുള്ളിൽ ഇ-കൊമേഴ്സ് മേഖലയെ പരിവർത്തനം ചെയ്യാൻ സാധ്യതയുള്ള പരിഹാരങ്ങൾക്കായി പ്രവർത്തിക്കുന്ന ഏതൊരു സ്റ്റാർട്ടപ്പും ഈ തീമാറ്റിക് മേഖലകളിൽ ഡിജിറ്റൈസേഷനും സാങ്കേതിക മുന്നേറ്റവും കൊണ്ടുവരുന്നതിനാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

ഫ്ളിപ്കാർട്ടിന്റെ തുടക്കം മുതൽ ഏറ്റവും പ്രിയപ്പെട്ട ആഭ്യന്തര ബ്രാൻഡുകളിലൊന്നായി മാറുന്നതിനുള്ള അതിന്റെ യാത്ര ഇന്ത്യയിലെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയുടെ സാധ്യതകളുടെ പ്രധാന സൂചനയാണ്. ഓരോ ദിവസവും സാങ്കേതികവിദ്യയിൽ പുതുമകളും മാറ്റങ്ങളും വരുമ്പോൾ വ്യവസായവികസനത്തിൽ മുൻപന്തിയിൽ നിൽക്കാനും ഈ സ്റ്റാർട്ടപ്പുകൾക്ക് വ്യവസായത്തിൽ മൂല്യം കൊണ്ടുവരാൻ സഹായിക്കാനും ഞങ്ങൾ ആഗ്രഹിക്കുന്നു. ഗവൺമെന്റിന്റെ സ്റ്റാർട്ടപ്പ് ഇന്ത്യ സംരംഭത്തിന് ആക്കം കൂട്ടുന്നതിനൊപ്പം പ്രാദേശികസംരംഭക പരിസ്ഥിതിവ്യവസ്ഥയിൽ പുതുമ, ജിജ്ഞാസ, പാരമ്പര്യേതരത്വം എന്നിവ കൊണ്ടുവരുന്ന പുതിയ ആശയങ്ങൾ പരിപോഷിപ്പിക്കുന്നതിനും ഫ്ളിപ്കാർട്ട് ലീപ് ലക്ഷ്യമിടുന്നു - **ഫ്ളിപ്കാർട് ലീപിന്റെ തുടക്കത്തെക്കുറിച്ച് സംസാരിക്കവെ ഫ്ളിപ്കാർട്ട് ഗ്രൂപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കല്യാൺ കൃഷ്ണമൂർത്തി പറഞ്ഞു.**

വർഷങ്ങളായി ഇന്ത്യയിലെ സ്റ്റാർട്ടപ്പ് അന്തരീക്ഷത്തിനുവന്ന പരിവർത്തനം രാജ്യത്ത് മികച്ച സ്റ്റാർട്ടപ്പ് യാത്രകൾക്ക് വഴിയൊരുക്കി. തങ്ങളുടെ പരിഹാരങ്ങൾ വിപണിയിലെത്തിക്കാൻ പരിധികൾക്കു പുറത്തേക്കു സഞ്ചരിക്കുന്ന സംരംഭകരുടെ ടാലന്റ് പൂൾ വളരുകയാണ്. ആ ഘട്ടത്തിലൂടെ കടന്നുപോയി മികച്ച വിജയം രചിച്ച കമ്പനി എന്ന നിലയിൽ ഈ പ്രാരംഭഘട്ടത്തിൽ സ്റ്റാർട്ടപ്പുകളെ വികസിപ്പിക്കാനും ഭാവിയിൽ വിജയകരമായ ബ്രാൻഡുകളാകാനും സഹായിക്കുന്ന ഒരു പ്രോഗ്രാം നിർമ്മിക്കാൻ ഞങ്ങളുടെ ശൃംഖല ഉപയോഗിക്കാൻ ഞങ്ങൾ ആഗ്രഹിച്ചു-**ഫ്ളിപ്കാർട്ട്ചീഫ് പ്രോഡക്ട് ആൻഡ് ടെക്നോളജി ഓഫീസർ ജെയ് വേണുഗോപാൽ കൂട്ടിച്ചേർത്തു.**

നരേൻ റാവുലയുടെ നേതൃത്വത്തിലുള്ള പ്രോഡക്ട് സ്ട്രാറ്റജി&ഡിപ്ലോയ്മെന്റ് ടീമാണ് പ്രോഗ്രാം രൂപകൽപന ചെയ്ത് നടപ്പിലാക്കുന്നത്. ഫ്ളിപ്കാർട്ട് കൊമേഴ്സ് കമ്പനികൾക്കകത്തും (ഫ്ളിപ്കാർട്ട്, മിന്ത്ര) അതിനുപുറത്തുമുള്ള നവീകരണത്തിന്റെ ഉത്തരവാദിത്തം ഈ ടീമിനുണ്ട്.

ഇന്ത്യയിൽ മാത്രമല്ല ഭാരത് ഉപയോക്താക്കളിലേക്കും (പ്രാഥമികമായി ടയർ 2, 3+ നഗരങ്ങളിൽ) പുതുമ കൊണ്ടു വരുന്നതിൽ ശ്രദ്ധചെലുത്തി സിന്നോവുമായി സഹകരിച്ച് ക്യൂറേറ്റ് ചെയ്ത 16 ആഴ്ചത്തെ പരിപാടി സ്റ്റാർട്ടപ്പുകൾക്ക് അവരുടെ നൂതന പരിഹാരങ്ങൾ വിപണിയിലെത്തിക്കുന്നതിനുള്ള അവസരങ്ങൾ തുറക്കുകയും 25,000 ഡോളർഇക്വിറ്റി ഫ്രീ ഗ്രാന്റ് നേടാൻ അനുവദിക്കുകയും ചെയ്യും. ഫ്ളിപ്കാർട്ട് ലീപിനായി അപേക്ഷിക്കുന്ന സ്റ്റാർട്ടപ്പുകൾ ഇന്ത്യക്ക് പുറത്തുള്ളതായിരിക്കണം. കൂടാതെ, ഏക്തലി അഡോപ്ഷൻ മെട്രിക്സ് ഉപയോഗിച്ച് പ്രവർത്തിക്കുന്ന പ്രോട്ടോടൈപ്പ് ഉണ്ടായിരിക്കണം. പ്രോഗ്രാം പൂർത്തിയായതിന് ശേഷം ഫ്ളിപ്കാർട്ട്

ലീപിന്റെ അന്തിമ പങ്കാളികൾ ഡെമോ ദിനത്തിൽ അവരുടെ വിജയകരമായ മാതൃക നിക്ഷേപകർ, കോർപ്പറേറ്റുകൾ എന്നിവർക്കു മുന്നിൽ അവതരിപ്പിക്കും. കൂടാതെ ഫ്ളിപ്കാർട്ടിന്റെ ധനസഹായത്തിനായി പരിഗണിക്കുകയുംചെയ്യും.

റിപ്പോർട്ടുകൾ പ്രകാരം 12-15% സ്ഥിരവാർഷിക വളർച്ചയോടെ ലോകത്തിലെ ഏറ്റവും വലിയ മൂന്നാമത്തെ സ്റ്റാർട്ടപ്പ് എക്കോസിസ്റ്റമാണ് ഇന്ത്യയിലേത്. റിപ്പോർട്ടനുസരിച്ച് ഇന്ത്യയിൽ ഓരോദിവസവും 2-3 ടെക്സ്റ്റാർട്ടപ്പുകൾ ജനിക്കുന്നു. കുതിച്ചുയരുന്ന ആവാസവ്യവസ്ഥ കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഏറ്റവും മികച്ച സ്റ്റാർട്ടപ്പ് യാത്രകൾക്ക് തുടക്കമിട്ടു. കേന്ദ്ര-സംസ്ഥാന തലങ്ങളിൽവർധിച്ചുവരുന്ന സർക്കാർ പിന്തുണയും സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതിനുള്ള മെച്ചപ്പെട്ട റെഗുലേറ്ററി അന്തരീക്ഷവും ഉള്ളതിനാൽ അടുത്ത ബില്യൺ ഉപഭോക്താക്കളെ ഫലപ്രദമായി ടാപ്പു ചെയ്യുന്നതിന് ഈ വിഭാഗം സജ്ജമാണ്.

**ഫ്ളിപ്കാർട്ട് ലീപിനെകുറിച്ച് കൂടുതലറിയാനും അപേക്ഷിക്കുന്നതിനുമായി വെബ്സൈറ്റ് സന്ദർശിക്കുക:** https://www.flipkartleap.com/

## About the Flipkart Group

The Flipkart Group is one of India's leading digital commerce entities and includes group companies Flipkart, Myntra, and PhonePe. Started in 2007, Flipkart has enabled millions of consumers, sellers, merchants and small businesses to be a part of India's e-commerce revolution, with a registered customer base of over 250 million, offering over 150 million products across 80+ categories. Our efforts to democratize e-commerce in India, drive access and affordability, delight customers, create lakhs of jobs in the ecosystem and empower generations of entrepreneurs and MSMEs has inspired us to innovate on many industry firsts. The recent launch of Flipkart Wholesale, our new digital marketplace, is a testament to our commitment to accelerate the growth of kiranas and MSMEs in India. Flipkart is known for pioneering services such as Cash on Delivery, No Cost EMI and easy returns – customer-centric innovations that have made online shopping more accessible and affordable for millions of Indians. Together with Myntra, which holds a prominent position in the online fashion market, PhonePe, India's fastest growing digital payments platform, and now Flipkart Wholesale, the Flipkart Group will continue to steer the transformation of commerce in India through technology.

**For more information, please write to: media@flipkart.com**